## മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ നടപടികൾ
*(സാന്നിദ്ധ്യം: ടി.പി.ദേവി)*

**ഉത്തരവ് നമ്പർ. ജെ.4-3097/2009/എംഡിബി തീയതി :25/08/2016**

വിഷയം: മലബാർ ദേവസ്വം ബോർഡ് - ഉത്തരമലബാറിലെ ക്ഷേത്രആചാരസ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :
1) തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണറുടെ നമ്പർ നിൽ/16 തീയ്യതി 23/07/2016.
2) കാസർഗോഡ് അസിസ്റ്റന്റ് കമ്മീഷണറുടെ എ4-3923/13/എംഡിബി തീയ്യതി 27/07/2016.
3) കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണറുടെ എ1-ആനു./1/16/എംഡിബി തീയ്യതി 29/07/2016.
4) മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനം നമ്പർ (61) തീയ്യതി 25/07/2016.

***

ഉത്തരമലബാറിലെ ക്ഷേത്രആചാരസ്ഥാനികർ/കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആചാരസ്ഥാനികരുടേയും, കോലധാരികളുടേയും പ്രതിമാസ ധനസഹായം വിതരണം ചെയ്യുന്നതിന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2250-00-103-86 എന്ന ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ആചാരസ്ഥാനികരുടേയും കോലധാരികളുടേയും കുടിശ്ശികയായിട്ടുള്ള പ്രതിമാസ ധനസഹായം ഓണത്തിനു മുമ്പ് നൽകേണ്ട അടിയന്തിര സാഹചര്യം പരിഗണിച്ച് ബഡ്ജറ്റിൽ വകയിരുത്തിയ തുക സർക്കാരിൽ നിന്ന് അനുവദിക്കുമ്പോൾ തനത് ഫണ്ടിലേക്ക് മാറ്റാമെന്ന വ്യവസ്ഥയിൽ, തനത് ഫണ്ടിൽ നിന്ന് തുക നൽകുന്നതിന് സൂചന (4) പ്രകാരം തീരുമാനിക്കുകയുണ്ടായിട്ടുണ്ട്.

സൂചന (1), (2), (3) പ്രകാരം തലശ്ശേരി, കാസർഗോഡ്, കോഴിക്കോട് അസിസ്റ്റന്റ് കമ്മീഷണർമാർ താഴെ പറയും പ്രകാരം തുക അനുവദിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്.

| ഡിവിഷൻ | കാലയളവ് | അനുവദിക്കേണ്ട തുക |
|---|---|---|
| തലശ്ശേരി | 02/16 മുതൽ 07/16 വരെ | 38,27,400 |
| കാസർഗോഡ് | 02/16 മുതൽ 07/16 വരെ | 47,96,400 |
| കോഴിക്കോട് | 02/16 മുതൽ 07/16 വരെ | 6,84,600 |

മേൽ സാഹചര്യത്തിൽ, ഉത്തരമലബായിലെ ക്ഷേത്രആചാരസ്ഥാനികരുടേയും, കോലധാരികളുടേയും പ്രതിമാസ ധനസഹായ വിതരണ പദ്ധതി പ്രകാരം നൽകുന്നതിന് താഴെ പറയും പ്രകാരമുള്ള തുക മലബാർ ദേവസ്വം ബോർഡ് തനത് ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ഡിവിഷൻ | കാലയളവ് | അനുവദിച്ച തുക |
|---|---|---|
| തലശ്ശേരി | 02/16 മുതൽ 07/16 വരെ | 38,27,400<br>( മുപ്പത്തിഎട്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി നാന്നൂറ് രൂപ മാത്രം) |
| കാസർഗോഡ് | 02/16 മുതൽ 07/16 വരെ | 47,96,400<br>നാൽപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി നാന്നൂറ് രൂപ മാത്രം) |
| കോഴിക്കോട് | 02/16 മുതൽ 07/16 വരെ | 6,84,600<br>(ആറ് ലക്ഷത്തി എൺപത്തിനാലായി രത്തി അറുന്നൂറ് രൂപ മാത്രം) |

ധനസഹായത്തിന് അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും ഓണത്തിന് മുമ്പ് തുക നൽകുന്നതിന്, അതാത് അസിസ്റ്റന്റ് കമ്മീഷണർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും, വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഡെപ്യൂട്ടി കമ്മീഷണർ(ഭരണം)

1. അസിസ്റ്റന്റ് കമ്മീഷണർ,
   മലബാർ ദേവസ്വം ബോർഡ്,
   തലശ്ശേരി/കാസർഗോഡ്
   കോഴിക്കോട്.
2. ഹെഡ് അക്കൗണ്ടന്റ് } അനുവദിച്ച തുക ചെക്ക് മുഖേന നൽകേണ്ടതും, രശീതി വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.
3. ജില്ലാ ട്രഷറി ഓഫീസർ,
   കോഴിക്കോട്.
4. സബ് ട്രഷറി ഓഫീസർ,
   തലശ്ശേരി.
5. സബ് ട്രഷറി ഓഫീസർ,
   കാസർഗോഡ്.
6. സ്റ്റോക്ക് ഫയൽ
7. അധികം.

vi